കെ. എസ്. ആർ. ടി. സി. പുതിയതായി നിരത്തിലിറക്കിയ ബസ്സുകൾ

73 [2942] ശ്രീ. കെ. മോഹൻകുമാർ:
,, കെ. സുധാകരൻ:
,, വർക്കല കഹാർ:
,, ജോർജ്ജ് ജെ. മാത്യു:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം ഇതുവരെ കെ. എസ്. ആർ. ടി. സി. എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്;

(ബി) ഈ മന്ത്രിസഭയുടെ കാലത്ത് നിരത്തിലിറക്കിയവ എത്രയെന്ന് പറയാമോ;

(സി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-ക്ക് പുതിയ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം കെ. എസ്. ആർ. ടി. സി. 27-7-2005 വരെ 1359 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) ഈ മന്ത്രിസഭയുടെ കാലത്ത് 27-7-2005 വരെ 453 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(സി) 429 പുതിയ ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്തിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.-യുടെ ഇൻറർസ്റ്റേറ്റ് സർവ്വീസ്

74 [2943] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറർസ്റ്റേറ്റ് പെർമിറ് വഴി തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുള്ള എത്ര വാഹനങ്ങൾ സംസ്ഥാനത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ലക്ഷ്വറി ഹൈടെക് ബസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി.-യുടെ എത്ര ബസ്സുകൾ ഇൻറർസ്റ്റേറ്റ് സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ലക്ഷ്വറി ഹൈടെക് ബസ്സുകളുടെ നികുതി നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വാഹനങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം എത്രയാണ്; ഈ നികുതി നിരക്ക് നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഇന്നു നിലവിലുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർണ്ണാടക .. 136
തമിഴ്നാട് .. 185

(ബി) ലക്ഷ്വറി, ഹൈടെക് എന്ന് തരംതിരിച്ച് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുകൊണ്ട് എണ്ണം പറയുന്നതിന് നിവർത്തിയില്ല. നിയമത്തിൽ ഹൈടെക് ലക്ഷ്വറി എന്ന വേർതിരിവില്ല. മാത്രമല്ല ലക്ഷ്വറി ഹൈടെക് എന്നിവയ്ക്ക് നിർവചനം ഒന്നും നൽകിയിട്ടില്ലാത്തതിനാൽ അവയെ വേർതിരിക്കാൻ കഴിയുകയില്ല.

(സി) 301 ബസ്സുകൾ ദിനംപ്രതി സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) ലക്ഷ്വറി, ഹൈടെക് എന്ന ഒരു കാറ്റഗറിക്കായിട്ട് നികുതി പിരിച്ചിട്ടില്ല. പാസഞ്ചർ ബസ്സുകൾ, സ്റ്റേജ് കാര്യേജ്, കോൺട്രാക്റ്റ് കാര്യേജ്, എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്. ഇവയുടെ നികുതി താഴെ വിവരിക്കുന്നു.

വാഹനം	ത്രൈമാസ നികുതി (രൂപയിൽ)	
പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ	പെട്രോളിൽ ഓടുന്നത്	.. 130
	ഡീസലിൽ ഓടുന്നത്	.. 140
എഡ്യൂക്കേഷൻ ബസ്	20 സീറ്റിൽ താഴെയുള്ളത്	.. 500
	20 സീറ്റിനു മുകളിൽ ഉള്ളത്	.. 1000
സ്റ്റേറ്റ് കാര്യേജുകൾ (ഓർഡിനറി സർവ്വീസ്)	ഡ്രൈവർ, കണ്ടക്ടർ ഒഴികെയുള്ള യാത്രക്കാരുടെ ഓരോ സീറ്റിനും	.. 600
(ഫാസ്റ്റ് പാസഞ്ചർ)	ഡ്രൈവർ, കണ്ടക്ടർ ഒഴികെയുള്ള യാത്രക്കാരുടെ ഓരോ സീറ്റിനും	.. 690
കോൺട്രാക്റ്റ് കാര്യേജുകൾ	13 മുതൽ 20 വരെയുള്ള യാത്രക്കാർക്ക്	.. 480
	20 യാത്രക്കാർക്ക് മുകളിൽ	.. 680
	12 യാത്രക്കാർക്കു മുകളിലുള്ള ഇൻറർസ്റ്റേറ്റ് സർവ്വീസ്	.. 1400

(ഇ) ലക്ഷ്വറി/ഹൈടെക് എന്ന് വാഹനങ്ങളെ തരംതിരിച്ചിട്ടില്ലാത്തതിനാൽ ഇത്തരം വാഹനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല. യാത്രാ വാഹനങ്ങളുടെ നികുതി സീറ്റിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സീറ്റൊന്നിന് ഒരു ത്രൈമാസത്തേയ്ക്കാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഏഴ് സീറ്റിൽ കുറവുള്ള കോൺട്രാക്റ്റ് കാര്യേജുകൾ വാഹനത്തിന്റെ തൂക്കത്തിന്റെ അടിസ്ഥാനത്തിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly